ഗ്യാസ്കണക്ഷൻ ഏർപ്പെടുത്തുന്നതിനും ഹോസ്റ്റലുകളിൽ വെറ്റ്ഗ്രൈന്റർ വാങ്ങുന്നതിനും, വാഷിംഗ് മെഷീൻ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഹോസ്റ്റലുകളിൽ ആവശ്യമായ ഫർണ്ണിച്ചർ വിതരണം ചെയ്തു കഴിഞ്ഞു.

23 (*195) **ഇ.എസ്.ഐ.ആശുപത്രിയിലെ ചികിൽസാ സൗകര്യങ്ങൾ**

ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. എളമരം കരീം :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും തൊഴിലാളികൾക്ക് ആവശ്യമായ ചികിൽസ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇ.എസ്.ഐ. ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പല ഇ.എസ്.ഐ. ആശുപത്രികളിലും ഡോക്ടർമാർ കൃത്യമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇ.എസ്.ഐ. ആശുപത്രികളിൽ പരിശോധന നടത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ:

(ജി) ഇ.എസ്.ഐ. കാർഡുള്ള രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ ലഭിക്കുന്നതിന് യഥാസമയം പണം നൽകാറില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ലേബർ വകുപ്പ് യഥാസമയം പണം ഇ.എസ്.ഐ. ഡയറക്ടറേറ്റിന് നൽകാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താനുള്ള നടപടി സ്വീകരിച്ചു. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് 99,60,800/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള 13 ഇ.എസ്.ഐ. ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.
(സി) സ്വീകരിച്ചിട്ടുണ്ട്.
(ഡി) ഉണ്ട്.
(ഇ) സ്വീകരിച്ചിട്ടുണ്ട്.
(എഫ്) ഇതിനുള്ള സ്ഥിരം സംവിധാനം നിലവിലുണ്ട്.
(ജി) ഇല്ല.
(എച്ച്) ഉദിക്കുന്നില്ല.

24 (*200) ദൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ദൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള സെൽഫ് റീഡിംഗ് സമ്പ്രദായവും പ്രൊവിഷണൽ ഇൻവോയിസ് കാർഡ് സമ്പ്രദായവും ഒഴിവാക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഉപഭോക്തൃ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) ഇപ്പോൾ 77 സെക്ഷനുകളിൽ ദൈമാസ സ്പോട്ട് ബില്ലിംഗ് നിലവിലുണ്ട്. ഈ സമ്പ്രദായത്തിലുള്ള ബില്ലിംഗ് മറ്റു സെക്ഷനുകളിലേയ്ക്കും പടിപടിയായി വ്യാപിപ്പിക്കുവാൻ നടപടി എടുക്കുമെന്ന് സർക്കാർ വൈദ്യുതോർജ്ജ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) വൈദ്യുതോർജ്ജ നയത്തിൽ വിവക്ഷിച്ചിട്ടുള്ള രീതിയിലുള്ള ബില്ലിംഗ് നടപ്പാക്കുന്നതോടെ ഇപ്പോൾ നിലവിലുള്ള സെൽഫ് റീഡിംഗ് സമ്പ്രദായവും പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് സമ്പ്രദായവും ഒഴിവാകും.

(ഡി) പഠനം നടത്തിയിട്ടില്ല.

(ഇ) ഇക്കാര്യം ബോർഡിന്റെ സജീവപരിഗണനയിലാണ്. ഈ സാമ്പത്തികവർഷംതന്നെ നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly